| 09-08-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഈ പുരുഷോത്തമ സംഗമയുഗം മംഗളകാരീ യുഗമാണ്, ഇതിൽ തന്നെയാണ് നിങ്ങൾക്ക് പഠിപ്പിലൂടെ ശ്രീകൃഷ്ണപുരിയുടെ അധികാരിയായി മാറേണ്ടത്.**

**ചോദ്യം-** ബാബ മാതാക്കൾക്ക് ജ്ഞാനകലശം നൽകിയത് എന്തുകൊണ്ടാണ്? ഏതൊരു ആചാരമാണ് ഭാരതത്തിൽ മാത്രം നടക്കുന്നത്?
**ഉത്തരം-** പവിത്രതയുടെ രാഖി ബന്ധിച്ച് എല്ലാവരേയും പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുന്നതിനായാണ് ബാബ മാതാക്കൾക്ക് ജ്ഞാനകലശം നൽകുന്നത്. രക്ഷാബന്ധനത്തിന്റെ ചടങ്ങും ഭാരതത്തിൽ മാത്രമുള്ളതാണ്. സഹോദരി സഹോദരന് രാഖി അണിയിക്കുന്നു. ഇത് പവിത്രതയുടെ അടയാളമാണ്. ബാബ പറയുന്നു കുട്ടികളേ നിങ്ങൾ എന്നെ മാത്രം ഓർമ്മിക്കു എങ്കിൽ പതിതത്തിൽ നിന്നും പാവനമായി പാവനലോകത്തിന്റെ അധികാരിയായി മാറും.

**ഗീതം-** ഭോലാനാഥനിൽ നിന്ന് അത്ഭുതങ്ങൾ........

**ഓം ശാന്തി**. ഇതാണ് നിഷ്കളങ്കനായ നാഥന്റെ മഹിമ, ബാബയെ ദാതാവ് എന്നാണ് പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് അറിയാം ശ്രീ ലക്ഷ്മീ നാരായണന്മാർക്ക് ഈ രാജ്യഭാഗ്യം ആരാണ് നൽകിയത്. തീർച്ചയായും ഭഗവാനായിരിക്കും കൊടുത്തിട്ടുണ്ടാവുക, എന്തെന്നാൽ സ്വർഗ്ഗത്തിന്റെ സ്ഥാപന ഭഗവാൻ തന്നെയാണ് ചെയ്യുന്നത്. സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി എങ്ങനെയാണോ നിഷ്കളങ്കനായ നാഥൻ ലക്ഷ്മീ നാരായണന്മാർക്ക് നൽകിയത് അതേപോലെയാണ് കൃഷ്ണനും നൽകിയത്. രാധാ കൃഷ്ണൻ അഥവാ ലക്ഷ്മീ നാരായണന്റെ കാര്യം ഒന്നുതന്നെയാണ്. പക്ഷേ രാജധാനിയില്ല. അവർക്ക് രാജ്യം നൽകാൻ പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും സാധിക്കില്ല. അവരുടെ ജന്മം സ്വർഗ്ഗത്തിലാണ് എന്നാണ് പറയുക. ഇത് നിങ്ങൾ കുട്ടികൾക്കേ അറിയൂ. നിങ്ങൾ കുട്ടികളേ ജന്മാഷ്ടമിയെ മനസ്സിലാക്കിക്കൊടുക്കൂ. കൃഷ്ണന്റെ ജന്മാഷ്ടമിയുണ്ടെങ്കിൽ രാധയ്ക്കും ഉണ്ടാകണം എന്തുകൊണ്ടെന്നാൽ രണ്ടുപേരും സ്വർഗ്ഗവാസികളായിരുന്നു. രാധയും കൃഷ്ണനും തന്നെയാണ് സ്വയംവരത്തിനുശേഷം ലക്ഷ്മീ നാരായണനായി മാറുന്നത്. മുഖ്യമായ കാര്യം അവർക്ക് ഈ രാജ്യം ആരാണ് നൽകിയത് എന്നതാണ്. ഈ രാജയോഗം എപ്പോൾ ആര് പഠിപ്പിച്ചു? സ്വർഗ്ഗത്തിൽ പഠിപ്പിച്ചിട്ടുണ്ടാവില്ല. സത്യയുഗത്തിൽ അവർ ഉത്തമപുരുഷന്മാരാണ്. കലിയുഗത്തിനുശേഷമാണ് സത്യയുഗം ഉണ്ടാകുന്നത്. എങ്കിൽ തീർച്ചയായും കലിയുഗ അന്ത്യത്തിൽ രാജയോഗം പഠിച്ചിട്ടുണ്ടാകും. അതിനാലാണ് പുതിയ ജന്മത്തിൽ രാജധാനി പ്രാപ്തമായത്. പഴയ ലോകത്തിൽ നിന്നും പുതിയ പാവനലോകം ഉണ്ടാകുന്നു. തീർച്ചയായും പതിത പാവനൻ വന്നിട്ടുണ്ടാകും. ഇപ്പോൾ സംഗമയുഗത്തിൽ ഏത് ധർമ്മമാണ് ഉണ്ടാകുന്നത്- ഇത് ആർക്കും അറിയില്ല. പഴയ ലോകത്തിനും പുതിയ ലോകത്തിനും ഇടയിലുള്ള സംഗമയുഗമാണിത്, ഇതിനെക്കുറിച്ചാണ് പാടുന്നത്. ഈ ലക്ഷ്മീ നാരായണന്മാരാണ് പുതിയ ലോകത്തിന്റെ അധികാരികൾ. ഇവരുടെ ആത്മാവിന് മുൻജന്മത്തിൽ പരമപിതാ പരമാത്മാവ് രാജയോഗം പഠിപ്പിച്ച് കൊടുത്തിട്ടുണ്ട്. ഈ പുരുഷാർത്ഥത്തിന്റെ പ്രാലബ്ധം പിന്നീട് പുതിയ ജന്മത്തിൽ ലഭിക്കുന്നു, ഇതിന്റെ പേരുതന്നെ മംഗളകാരി പുരുഷോത്തമ സംഗമയുഗം എന്നാണ്. തീർച്ചയായും വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലായിരിക്കും അവർക്ക് ആരെങ്കിലും രാജയോഗം പഠിപ്പിച്ചുകൊടുത്തത്. കലിയുഗത്തിൽ അനേകം ധർമ്മങ്ങളാണ്, സത്യയുഗത്തിൽ ഒരേയൊരു ദേവീ ദേവതാ ധർമ്മവും. സംഗമത്തിൽ ഏത് ധർമ്മമാണ്, ഏതിലൂടെയാണോ അവർ പുരുഷാർത്ഥം ചെയ്ത് രാജയോഗം പഠിക്കുകയും സത്യയുഗത്തിൽ പ്രാലബ്ധം നേടുകയും ചെയ്തത്. മനസ്സിലാക്കാം സംഗമയുഗത്തിൽ ബ്രഹ്മാവിലൂടെ ബ്രാഹ്മണർ തന്നെയാണ് ജനിച്ചത്. ബ്രഹ്മാവിലൂടെ കൃഷ്ണപുരിയുടെ സ്ഥാപന എന്ന് ചിത്രത്തിലും കാണിച്ചിട്ടുണ്ട്. വിഷ്ണു അഥവാ നാരായണപുരി എന്നു പറഞ്ഞോളൂ കാര്യം ഒന്നുതന്നെയാണ്. നിങ്ങൾക്ക് അറിയാം ഈ പഠിപ്പിലൂടെയും പിന്നെ പാവനമായി മാറുന്നതിലൂടെയും നമ്മൾ ഇപ്പോൾ കൃഷ്ണപുരിയുടെ അധികാരിയാവുകയാണ്. ശിവഭഗവാന്റെ വാക്കുകളല്ലേ. കൃഷ്ണന്റെ ആത്മാവുതന്നെയാണ് വളരെ അധികം ജന്മങ്ങളുടെ അന്തിമത്തിൽ വീണ്ടും ബ്രഹ്മാവായി മാറുന്നത്. 84 ജന്മങ്ങൾ എടുക്കുന്നുണ്ടല്ലോ. ഇതാണ് 84-ാം ജന്മം ഇതിലാണ് വീണ്ടും ബ്രഹ്മാവ് എന്ന് പേരുവെക്കുന്നത്. ഇല്ലെങ്കിൽ പിന്നെ ബ്രഹ്മാവ് എവിടെ നിന്നും വന്നു. ഈശ്വരൻ രചന രചിച്ചു എങ്കിൽ ബ്രഹ്മാ- വിഷ്ണു- ശങ്കരന്മാർ എവിടെ നിന്നുവന്നു. എങ്ങനെയാണ് രചിച്ചത്? എന്താ മന്ത്രം ജപിച്ച് പ്രത്യക്ഷമാക്കിയതാണോ. ബാബ തന്നെയാണ് അവരുടെ ചരിത്രം പറഞ്ഞുതരുന്നത്. ദത്തെടുക്കുമ്പോൾ പേര് മാറ്റുന്നു. ബ്രഹ്മാവ് എന്ന പേര് ഉണ്ടായിരുന്നില്ലല്ലോ. പറയുന്നു വളരെ അധികം ജന്മങ്ങളുടെ

അന്തിമത്തിൽ..... എങ്കിൽ തീർച്ചയായും പതിത മനുഷ്യനായി മാറി. ബ്രഹ്മാവ് എവിടെ നിന്നും വന്നു, ഇത് ആർക്കും അറിയില്ല. വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മം ആർക്കാണ് ഉണ്ടായത്? ലക്ഷ്മീ നാരായണന്മാർ തന്നെയാണ് വളരെ അധികം ജന്മങ്ങൾ എടുത്തിരിക്കുന്നത്. നാമവും രൂപവും കാലവും ദേശവും മാറിക്കൊണ്ടിരിക്കും. കൃഷ്ണന്റെ ചിത്രത്തിൽ 84 ജന്മങ്ങളുടെ കഥ വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. ജന്മാഷ്ടമി ദിവസത്തിൽ കൃഷ്ണന്റെ വളരെയധികം ചിത്രങ്ങൾ വിൽക്കുന്നുണ്ടാകും എന്തെന്നാൽ എല്ലാവരും കൃഷ്ണന്റെ ക്ഷേത്രത്തിലേയ്ക്ക് പോകുമല്ലോ. രാധാ–കൃഷ്ണന്റെ ക്ഷേത്രത്തിലേയ്ക്ക് തന്നെയാണ് വരുന്നത്. കൃഷ്ണനോടൊപ്പം തീർച്ചയായും രാധയുണ്ടാകും. രാധയും കൃഷ്ണനും തന്നെയാണ് ലക്ഷ്മീ നാരായണന്മാർ അഥവാ മഹാരാജാവും മഹാറാണിയുമായി മാറുന്നത്. അവർ തന്നെയാണ് 84 ജന്മങ്ങൾ എടുത്ത് പിന്നീട് അന്തിമത്തിൽ ബ്രഹ്മാ– സരസ്വതിയായത്. വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ ബാബ വന്ന് പ്രവേശിച്ചു. നിങ്ങൾ നിങ്ങളുടെ ജന്മങ്ങളെ അറിയുന്നില്ല എന്ന് ഇവരോട് തന്നെയാണ് പറയുന്നത്. നിങ്ങൾ ആദ്യ ജന്മത്തിൽ ലക്ഷ്മീ നാരായണന്മാരായിരുന്നു. പിന്നീട് ഈ ജന്മമെടുത്തു അവരാണെങ്കിൽ പിന്നീട് അർജുനന്റെ പേര് പറഞ്ഞു. അർജുനനെ രാജയോഗം പഠിപ്പിച്ചു. അർജുനനെ ഒറ്റക്കാക്കി. പക്ഷേ അവരുടെ പേര് അർജുനൻ എന്നല്ല. ബ്രഹ്മാവിന്റെ ജീവചരിത്രം വേണമല്ലോ. പക്ഷേ ബ്രഹ്മാവിന്റേയും ബ്രാഹ്മണരുടേയും വർണ്ണന എവിടേയും ഇല്ല. ഈ കാര്യങ്ങൾ ബാബ തന്നെയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. എല്ലാം കുട്ടികൾ കേൾക്കും പിന്നീട് കുട്ടികൾ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കും. കഥ കേട്ട് പിന്നീട് ഇരുന്ന് മറ്റുള്ളവരെ കേൾപ്പിക്കും. നിങ്ങളും കേൾക്കുന്നുണ്ട് പിന്നീട് കേൾപ്പിക്കുന്നു. ഇതാണ് പുരുഷോത്തമ സംഗമയുഗം, ലീപ്പ് യുഗം. അധിയുഗം. പുരുഷോത്തമ മാസം കൂടിയാവുമ്പോൾ 13 മാസമാവുന്നു. ഈ സംഗമയുഗത്തിന്റെ ആഘോഷമാണ് ഓരോ വർഷവും ആഘോഷിക്കുന്നത്. ഈ പുരുഷോത്തമ സംഗമയുഗത്തെ ആരും അറിയുന്നില്ല. ഈ സംഗമയുഗത്തിൽ തന്നെയാണ് ബാബ വന്ന് പവിത്രമായി മാറുന്നതിനുള്ള പ്രതിജ്ഞ ചെയ്യിക്കുന്നത്. പതിത ലോകത്തിൽ നിന്നും പാവനമായ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. രക്ഷാബന്ധനത്തിന്റെ ആഘോഷവും ഭാരതത്തിലാണ്. സഹോദരി സഹോദരന് രാഖി ബന്ധിക്കുന്നു. പക്ഷേ ആ കുമാരിയും പിന്നീട് അപവിത്രമാകുന്നു. ഇപ്പോൾ ബാബ നിങ്ങൾ മാതാക്കളിൽ ജ്ഞാനകലശം വെച്ചിരിക്കുന്നു. ബ്രഹ്മാകുമാരീ ബ്രഹ്മാകുമാരന്മാർ ഇരുന്ന് പവിത്രതയുടെ പ്രതിജ്ഞ ചെയ്യിക്കുന്നതിനായി രാഖി ബന്ധിക്കുന്നു. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കു എങ്കിൽ നിങ്ങൾ പാവനമായി മാറി പാവനലോകത്തിന്റെ അധികാരിയായി മാറും. ബാക്കി ഒരു രാഖിയും ബന്ധിക്കേണ്ട ആവശ്യമില്ല. ഇത് മനസ്സിലാക്കിത്തരുകയാണ്. എങ്ങനെയാണോ സാധു സന്യാസിമാർ ദാനം ചോദിക്കുന്നത്. ചിലർ പറയുന്നു ക്രോധത്തെ ദാനം ചെയ്യൂ, ചിലർ പറയുന്നു ഉള്ളി കഴിക്കരുത്. ആരാണോ സ്വയം കഴിക്കാത്തത് അവർ ദാനം വാങ്ങിക്കുന്നുണ്ടാകും. എന്നാൽ ഇതിനെയെല്ലാം വെച്ച് ഭാരിച്ച പ്രതിജ്ഞയാണ് പരിധിയില്ലാത്ത ബാബ ചെയ്യിക്കുന്നത്. നിങ്ങൾ പാവനമായി മാറാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പതിത പാവനനായ ബാബയെ ഓർമ്മിക്കു. ദ്വാപരം മുതൽ നിങ്ങൾ പതിതമായാണ് വന്നത്, ഇപ്പോൾ മുഴുവൻ ലോകവും പാവനമാകണം, അത് ബാബയെക്കൊണ്ടേ സാധിക്കൂ. ഒരു മനുഷ്യന് സർവ്വരുടേയും ഗതി സദ്ഗതി ദാതാവാകാൻ ഒരിയ്ക്കലും സാധിക്കില്ല. ബാബ തന്നെയാണ് പാവനമായി മാറുന്നതിനുള്ള പ്രതിജ്ഞ ചെയ്യിക്കുന്നത്. ഭാരതം പാവനമായ സ്വർഗ്ഗമായിരുന്നില്ലേ. പതിത പാവനൻ പരമപിതാ പരമാത്മാവുതന്നെയാണ്. കൃഷ്ണനെ പതിത പാവനൻ എന്നു പറയുവാൻ സാധിക്കില്ല. കൃഷ്ണന് ജന്മം ഉണ്ടാകുന്നുണ്ട്. അവരുടെ മാതാ പിതാവിനേയും കാണിക്കുന്നുണ്ട്. ഒരു ശിവബാബയുടേതുമാത്രമാണ് അലൗകികമായ ജന്മം. ബാബ സ്വയം തന്റെ പരിചയം നൽകുന്നു ഞാൻ സാധാരണ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ശരീരത്തെ തീർച്ചയായും ആധാരമായി എടുക്കേണ്ടിവരും. ഞാൻ ജ്ഞാനസാഗരനും പതിത പാവനനുമാണ്, രാജയോഗം പഠിപ്പിക്കുന്നതും ഞാൻ തന്നെയാണ്. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ് മാത്രമല്ല നരകത്തിന്റെ വിനാശവും ചെയ്യുന്നു. എപ്പോഴാണോ സ്വർഗ്ഗമായിരുന്നത് അപ്പോൾ നരകമില്ല. ഇപ്പോൾ പൂർണ്ണമായും അതിഘോരമായ നരകമാണ്, എപ്പോഴാണോ പൂർണ്ണമായും തമോപ്രധാനമായി നരകമായി മാറുന്നത് അപ്പോഴാണ് ബാബ വന്ന് സതോപ്രധാനമായ സ്വർഗ്ഗമാക്കി മാറ്റുന്നത്. 100 ശതമാനം പതിതത്തിൽ നിന്നും 100 ശതമാനം പാവനമാക്കി മാറ്റുന്നു. ആദ്യത്തെ ജന്മം തീർച്ചയായും സതോപ്രധാനമായതാണ് ലഭിക്കുക. കുട്ടികൾ വിചാരസാഗരമഥനം ചെയ്ത് പിന്നീട് പ്രഭാഷണം ചെയ്യണം. ഓരോരുത്തരും മനസ്സിലാക്കിക്കൊടുക്കുന്നത് ഓരോ രീതിയിലാണ്. ബാബയും ഇന്ന് ഒരു കാര്യം, നാളെ വേറെ ഒരു കാര്യമാണ് പറയുക. മനസ്സിലാക്കിത്തരുന്നത് ഒരേപോലെയായിരിക്കില്ല. ടേപ്പിലൂടെ ആരെങ്കിലും കൃത്യമായി കേൾക്കുകയാണ് എന്ന് കരുതുക എങ്കിലും കൃത്യമായി കേൾക്കാൻ സാധിക്കില്ല, വ്യത്യാസം തീർച്ചയായും ഉണ്ടാകും. ബാബ എന്താണോ കേൾപ്പിക്കുന്നത് അതെല്ലാം ഡ്രാമയിൽ ഉള്ളതാണ് എന്നത് നിങ്ങൾക്ക് അറിയാം. ഓരോ വാക്കുകളും എന്താണോ കഴിഞ്ഞ കല്പം കേൾപ്പിച്ചത് അതുതന്നെയാണ് ഇപ്പോഴും കേൾപ്പിക്കുന്നത്. ഈ റെക്കോർഡ് നിറഞ്ഞിരിക്കുകയാണ്. ഭഗവാൻ സ്വയം പറയുന്നു ഞാൻ 5000 വർഷങ്ങൾക്കുമുമ്പ്

എന്തെല്ലാമാണോ പറഞ്ഞുതന്നത് അതേ വാക്കുകൾ തന്നെയാണ് ഇപ്പോഴും കേൾപ്പിക്കുന്നത്. ഇത് ഷൂട്ട് ചെയ്ത ഡ്രാമയാണ്. ഇതിൽ അല്പം പോലും വ്യത്യാസമുണ്ടാവുക സാധ്യമല്ല. ഇത്രയും ചെറിയ ആത്മാവിൽ റെക്കോർഡ് നിറഞ്ഞിട്ടുണ്ട്. കൃഷ്ണ ജന്മാഷ്ടമി എപ്പോഴാണ് ഉണ്ടായത് എന്നതും നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ അറിയാം. ഇന്നേ ദിവസത്തിന് 5000 വർഷങ്ങൾക്കുശേഷം അതിൽ നിന്നും കുറച്ച് ദിവസങ്ങൾ കുറയ്ക്കും എന്തെന്നാൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുകയാണ്. കുട്ടികളുടെ മനസ്സിൽ എത്ര സന്തോഷമാണ്. നിങ്ങൾക്ക് അറിയാം കൃഷ്ണന്റെ ആത്മാവ് 84 ജന്മങ്ങളുടെ ചക്രം കറങ്ങി. ഇപ്പോൾ വീണ്ടും കൃഷ്ണന്റെ നാമ രൂപത്തിലേയ്ക്ക് വരുകയാണ്. ചിത്രത്തിൽ കാണിച്ചിട്ടുണ്ട്– പഴയ ലോകത്തെ കാലുകൊണ്ട് ചവിട്ടിയകറ്റുന്നു. പുതിയ ലോകം കൈയ്യിലുണ്ട്. ഇപ്പോൾ പഠിക്കുകയാണ് അതിനാലാണ് ശ്രീകൃഷ്ണൻ വരാൻ പോകുന്നു എന്ന് പറയുന്നത്. തീർച്ചയായും ബാബ വളരെ അധികം ജന്മങ്ങളുടെ അന്തിമത്തിലായിരിക്കും പഠിപ്പിക്കുക. ഈ പഠിപ്പ് പൂർത്തിയായാൽ കൃഷ്ണൻ ജന്മം എടുക്കും. ഇനി പഠിക്കാൻ കുറച്ച് സമയമേയുള്ളു. തീർച്ചയായും അനേകം ധർമ്മങ്ങളുടെ വിനാശം സംഭവിച്ചശേഷം കൃഷ്ണന്റെ ജന്മം ഉണ്ടായിട്ടുണ്ടാകും. അതുപോലെ ഒരു കൃഷ്ണൻ മാത്രമല്ല ഉണ്ടാവുക, മുഴുവൻ കൃഷ്ണപുരിയും ഉണ്ടാകും. ഈ ബ്രാഹ്മണർ തന്നെയാണ് രാജയോഗം പഠിച്ച് പിന്നീട് ദേവതയായി മാറുന്നത്. ദേവതകളാവുന്നത് അറിവിലൂടെയാണ്. ബാബ വന്ന് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു അതും പഠിപ്പിലൂടെയാണ്. ഇത് പാഠശാലയാണ്, ഇതിലാണ് ഏറ്റവും കൂടുതൽ സമയം എടുക്കുന്നത്. പഠിപ്പ് സഹജമാണ്. ബാക്കി യോഗത്തിലാണ് പരിശ്രമം. നിങ്ങൾക്ക് പറയാൻ കഴിയും കൃഷ്ണന്റെ ആത്മാവ് ഇപ്പോൾ രാജയോഗം പഠിക്കുകയാണ്– പരമപിതാ പരമാത്മാവിലൂടെ. വിഷ്ണുപുരിയുടെ രാജ്യം നൽകാനായി ശിവബാബ ബ്രഹ്മാവിലൂടെ നമ്മൾ ആത്മാക്കളെ പഠിപ്പിക്കുകയാണ്. നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണ– ബ്രാഹ്മിണികളാണ്. ഇത് സംഗമയുഗമാണ്. ഇത് വളരെ ചെറിയ യുഗമാണ്. കുടുമ വളരെ ചെറിയതായിരിക്കുമല്ലോ. പിന്നീട് അതിലും വലിയ മുഖവും, അതിനേക്കാൾ വലിയ കൈകളും പിന്നീട് അതിലും വലിയ വയറും കാലുകളുമായിരിക്കും. വിരാടരൂപം കാണിക്കുന്നു, പക്ഷേ അതിന്റെ അർത്ഥം എന്നാണ് എന്നത് ആരും മനസ്സിലാക്കിത്തരുന്നില്ല. നിങ്ങൾ കുട്ടികൾ ഈ 84 ജന്മങ്ങളുടെ ചക്രത്തിന്റെ രഹസ്യം മനസ്സിലാക്കിക്കൊടുക്കണം, ശിവജയന്തിയ്ക്കുശേഷമാണ് കൃഷ്ണ ജയന്തി.

നിങ്ങൾ കുട്ടികൾക്ക് ഇത് സംഗമയുഗമാണ്. നിങ്ങളുടെ കലിയുഗം പൂർത്തിയായി. ബാബ പറയുന്നു– മധുരമായ കുട്ടികളേ, ഇപ്പോൾ ഞാൻ നിങ്ങളെ സുഖധാമത്തിലേയ്ക്കും ശാന്തിധാമത്തിലേയ്ക്കും കൂട്ടിക്കൊണ്ടുപോകാനായി വന്നിരിക്കുകയാണ്. നിങ്ങൾ സുഖധാമത്തിൽ വസിക്കുന്നവരാണ് പിന്നീട് ദുഃഖധാമത്തിലേയ്ക്ക് വന്നു. ബാബാ ഈ പഴയ ലോകത്തിലേയ്ക്ക് വരൂ എന്നു പറഞ്ഞ് വിളിക്കുന്നുണ്ട്. നിങ്ങളുടെ ലോകമല്ല. ഇപ്പോൾ നിങ്ങൾ എന്തുചെയ്യുകയാണ്? യോഗബലത്തിലൂടെ തന്റെ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. അഹിംസാ പരമോ ദേവീ ദേവതാ ധർമ്മം എന്ന് പറയാറുണ്ട്. നിങ്ങൾക്ക് അഹിംസകരായി മാറണം. കാമ കഠാരി ഉപയോഗിക്കരുത് അതുപോലെ വഴക്കടിക്കുകയോ അടികൂടുകയോ ചെയ്യരുത്. ബാബ പറയുന്നു ഞാൻ ഓരോ 5000 വർഷങ്ങൾക്കുശേഷവും വരും. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമില്ല. ബാബ പറയുന്നു യജ്ഞം, തപസ്സ്, ദാനം, പുണ്യം എന്നിവ ചെയ്ത് നിങ്ങൾ താഴേയ്ക്കാണ് വന്നത്. ജ്ഞാനത്തിലൂടെയാണ് സദ്ഗതിയുണ്ടാകുന്നത്. മനുഷ്യരാണെങ്കിൽ കുംഭകർണ്ണ നിദ്രയിൽ ഉറങ്ങിക്കിടക്കുകയാണ്, അവർ ഉണരുന്നേയില്ല അതിനാലാണ് ബാബ പറയുന്നത് ഞാൻ കല്പ കല്പം വരുന്നുണ്ട്, എനിക്കും ഡ്രാമയിൽ പാർട്ടുണ്ട്. പാർട്ടില്ലാതെ എനിക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. ഞാനും ഡ്രാമയുടെ ബന്ധനത്തിലാണ്. വരുന്നത് കൃത്യ സമയത്തിലാണ്. ഡ്രാമാപ്ലാൻ അനുസരിച്ച് ഞാൻ നിങ്ങൾ കുട്ടികളെ തിരികെക്കൊണ്ടുപോകുന്നു. ഇപ്പോൾ പറയുന്നു മന്മനാഭവയായിരിക്കൂ. പക്ഷേ ഇതിന്റേയും അർത്ഥം ആർക്കും അറിയില്ല. ബാബ പറയുന്നു ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളേയും മറന്ന് എന്നെമാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പാവനമായി മാറും. കുട്ടികൾ അച്ഛനെ ഓർമ്മിക്കുന്നതിനുള്ള പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. ഇത് ഈശ്വരീയ വിശ്വവിദ്യാലയമാണ്, മുഴുവൻ വിശ്വത്തിനും സദ്ഗതി നൽകാൻ മറ്റൊരു വിശ്വവിദ്യാലയം ഉണ്ടാവുക സാധ്യമല്ല. ഈശ്വരനായ ബാബ സ്വയം വന്ന് മുഴുവൻ ലോകത്തേയും പരിവർത്തനപ്പെടുത്തുന്നു. നരകത്തിൽ നിന്നും സ്വർഗ്ഗമാക്കി മാറ്റുന്നു. ഇതിലാണ് പിന്നീട് നിങ്ങൾ രാജ്യം ഭരിക്കുന്നത്. ശിവനെ ബബൂൽനാഥ് എന്നും പറയാറുണ്ട് എന്തുകൊണ്ടെന്നാൽ ബാബ വന്ന് നിങ്ങളെ കാമകഠാരിയിൽ നിന്നും മുക്തമാക്കി പാവനമാക്കി മാറ്റുന്നു. ഭക്തിമാർഗ്ഗത്തിൽ ഒരുപാട് ഷോയുണ്ട്, ഇവിടെയാണെങ്കിൽ ശാന്തമായിരുന്ന് ഓർമ്മിക്കണം. അവരാണെങ്കിൽ അനേക പ്രകാരത്തിലുള്ള ഹഠയോഗങ്ങൾ ചെയ്യുന്നു. അവരുടെ നിവൃത്തി മാർഗ്ഗം തന്നെ വേറെയാണ്. അവർ ബ്രഹ്മത്തെ വിശ്വസിക്കുന്നുണ്ട്. ബ്രഹ്മയോഗി തത്വയോഗിയാണ്. എന്നാൽ അത് ആത്മാക്കൾ വസിക്കുന്ന സ്ഥാനമാണ്, അതിനെയാണ് ബ്രഹ്മാണ്ഡം എന്ന് പറയുന്നത്. അവർ പിന്നീട് ബ്രഹ്മത്തെ ഭഗവാനാണെന്ന്

വിശ്വസിക്കുന്നു. അതിൽ ലയിക്കുമെന്ന് കരുതുന്നു. ആത്മാവിനെ വിനാശിയാക്കി മാറ്റുന്നു. ബാബ പറയുന്നു ഞാൻ തന്നെയാണ് വന്ന് സർവ്വരുടേയും സദ്ഗതി ചെയ്യുന്നത്. ശിവബാബ തന്നെയാണ് എല്ലാവരുടേയും സദ്ഗതി ചെയ്യുന്നത്, അതിനാൽ ബാബ വജ്രസമാനമാണ്. പിന്നീട് നിങ്ങളെ സ്വർണ്ണിമയുഗത്തിലേയ്ക്ക് കൊണ്ടുപോകുന്നു. നിങ്ങളുടേതും ഇത് വജ്രസമാനമായ ജന്മമാണ് പിന്നീട് സ്വർണ്ണിമയുഗത്തിലേയ്ക്ക് പോകുന്നു. ഈ ജ്ഞാനം ബാബ തന്നെയാണ് വന്ന് നിങ്ങളെ പഠിപ്പിക്കുന്നത് ഇതിലൂടെ നിങ്ങൾ ദേവതയായി മാറുന്നു. പിന്നീട് ഈ ജ്ഞാനം പ്രായലോപമായിപ്പോകും. ഈ ലക്ഷ്മീ നാരായണന്മാരിൽപോലും രചയിതാവിന്റേയും രചനയുടേയും ജ്ഞാനമില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ഈ പഴയലോകത്തിൽ ഇരുന്നുകൊണ്ടും ഡബിൾ അഹിംസകരായി മാറി യോഗബലത്തിലൂടെ തന്റെ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യണം. തന്റെ ജീവിതത്തെ വജ്രസമാനമാക്കി മാറ്റണം.

2) ബാബ എന്താണോ കേൾപ്പിക്കുന്നത് അതിനെക്കുറിച്ച് വിചാര സാഗര മഥനം ചെയ്ത് മറ്റുള്ളവരെ കേൾപ്പിക്കണം. ഈ പഠിപ്പ് പൂർത്തിയായാൽ നമ്മൾ കൃഷ്ണപുരിയിലേയ്ക്ക് പോകും എന്ന ലഹരി സദാ ഉണ്ടായിരിക്കണം.

## വരദാനം:- അപവിത്രതയുടെ പേരോ അടയാളമോ പോലും സമാപ്തമാക്കി ഹിസ് ഹോളിനെസ് എന്ന ടൈറ്റിൽ പ്രാപ്തമാക്കുന്ന ഹോളിഹംസമായി ഭവിക്കട്ടെ.

ഹംസങ്ങൾ ഒരിക്കലും കല്ലുകൾ കൊത്തിപ്പെറുക്കാറില്ല, രത്നങ്ങൾ മാത്രമേ സ്വീകരിക്കൂ എന്നത് പോലെ ഹോളീഹംസം ആരുടെയും അവഗുണം അഥവാ കല്ലുകൾ ധാരണ ചെയ്യാറില്ല. അവർ വ്യർത്ഥത്തെയും സമർത്ഥത്തെയും വേർതിരിച്ച് വ്യർത്ഥത്തെ ഉപേക്ഷിക്കുന്നു, സമർത്ഥത്തെ സ്വാംശീകരിക്കുന്നു. അങ്ങനെയുള്ള ഹോളീഹംസങ്ങൾ തന്നെയാണ് പവിത്ര ശുദ്ധാത്മാക്കൾ, അവരുടെ ആഹാര വ്യവഹാരങ്ങളെല്ലാം ശുദ്ധമായിരിക്കും. എപ്പോൾ അശുദ്ധി അഥവാ അപവിത്രതയുടെ പേരോ അടയാളമോ പോലും സമാപ്തമാകുന്നുവോ അപ്പോൾ ഭാവിയിൽ ഹിസ് ഹോളിനെസ് എന്ന വരദാനം പ്രാപ്തമാകുന്നു. അതിനാൽ ഒരിക്കലും അബദ്ധവശാൽ പോലും ആരുടെയും അവഗുണങ്ങൾ ധാരണ ചെയ്യരുത്.

## സ്ലോഗൻ:- സർവ്വംശത്യാഗി അവരാണ് ആരാണോ പഴയ സ്വഭാവ സംസ്കാരങ്ങളുടെ വംശത്തെ പോലും ത്യാഗം ചെയ്യുന്നത്.

**അവ്യക്ത സൂചനകൾ:- സഹജയോഗി ആകണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവിയാകൂ.**
ഏതൊരു കാര്യം ചെയ്യുമ്പോഴും പരമാത്മാവിന്റെ ഓർമ്മയിൽ ലൗലീനമായിരിക്കൂ. ഒരു പ്രശ്നത്തിന്റെയും വിസ്താരത്തിലേക്ക് പോകാതെ വിസ്താരത്തെ ബിന്ദുവിട്ട്, ബിന്ദുവിൽ ഉൾക്കൊണ്ട്, ബിന്ദുവായി മാറൂ, ബിന്ദുവിടൂ എങ്കിൽ എല്ലാ വിസ്താരവും എല്ലാ വലകളും സെക്കന്റിനുള്ളിൽ സമാപ്തമാകും, മാത്രമല്ല സമയം ലാഭിക്കുകയും ചെയ്യാം, പ്രയത്നത്തിൽ നിന്ന് മുക്തമാവുകയും ചെയ്യും. ബിന്ദുവായി ബിന്ദുവിൽ ലൗലീനമാകും.